The question that the Kerala Land Reforms (Amendment) Bill, 1969 be finally passed was put and carried.

The Bill was finally passed.

ഡെ. സ്പീക്കർ: കേരള അഗ്രികൽച്ചറിസ്റ്റ്സ് ഡെറ്റ് റിലീഫ് ബിൽ ചർച്ച തുടങ്ങുമെന്നാണ് ഇന്നലെ തീരുമാനിച്ചിരുന്നത്; എന്നാൽ അത് പൊവ്വാഴ്ചത്തേക്ക് മാറ്റിവച്ചിരിക്കുകയാണ്. ഇന്ന് ബാക്കിയുള്ള സമയം മുഖ്യമന്ത്രിക്ക് ഒരു സ്റ്റേറ്റുമെന്റ് പുറപ്പെടുവിക്കുന്നതിനുവേണ്ടി വിനിയോഗിക്കുകയാണെന്ന് സഭയെ അറിയിച്ചുകൊള്ളുന്നു.

I invite the Hon. Chief Minister to make the statement.

Statement by the Chief Minister

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്):

''ആർ. എസ്. പി., ഐ. എസ്. പി., മുസ്ലീംലീഗ്, സി. പി. ഐ. എന്നീ പാർട്ടികൾക്കുവേണ്ടി ബഹുമാനപ്പെട്ട ബേബി ജോൺ, എൻ. കെ. ശേഷൻ, മൊയ്തീൻകുട്ടി ഹാജി, ടി. എ. മജീദ് എന്നിവർ ഒക്ടോബർ 14-ാം തീയതി എനിക്ക് സമർപ്പിച്ച പ്രമേയത്തിൽനിന്നുളവായിട്ടുള്ള സ്ഥിതിവിശേഷത്തിലേക്ക് സഭയുടെ ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ആ പ്രമേയം അവസാനിക്കുന്നത് ഇങ്ങനെയാണ്:

'ഇക്കാര്യങ്ങളിൽ വ്യക്തവും തൃപ്തികരവുമായ തീരുമാനങ്ങളും എത്രയുംവേഗം ഉണ്ടായില്ലെങ്കിൽ ഐക്യമുന്നണിയുടെ തുടർന്നുള്ള നിലനില്പു ജനങ്ങളോട് നൽകിയ വാഗ്ദാനത്തിനുതന്നെ എതിരാകയാൽ ഇ. എം. എസ്സിന്റെ നേതൃത്വത്തിൽ ഒരു മന്ത്രിസഭ രൂപീകരിക്കുന്നതിനു ഞങ്ങളുടെ കക്ഷികളും നൽകിയ പിന്തുണ പിൻവലിക്കാൻ ഞങ്ങളും നിർബന്ധിതരാണെന്നു പ്രഖ്യാപിക്കുന്നു.''

ഈ പ്രഖ്യാപനമനുസരിച്ച് പ്രവർത്തിക്കാൻ ഈ പാർട്ടികളും തയ്യാറാവുകയാണെങ്കിൽ പുതിയൊരു രാഷ്ട്രീയസാഹചര്യം അതിൽനിന്നുളവാകുമെന്നു വ്യക്തമാണ്. എന്തുകൊണ്ടെന്നാൽ, ഈ നാല് പാർട്ടികളുടേയും, എന്റേതടക്കം മറ്റു മൂന്നു പാർട്ടികളുടേയും നേതാക്കന്മാർ ചേർന്ന് എഴുതിക്കൊടുത്തതനുസരിച്ചാണ് ഗവണ്മെന്റ് മന്ത്രിസഭാ രൂപീകരണത്തിനു എന്നെ ക്ഷണിച്ചത്. അതേ പാർട്ടികളും ആ പിന്തുണ പിൻവലിക്കുന്നുവെന്നതിന്റെ അർത്ഥം, ഈ മന്ത്രിസഭയ്ക്കെതിരായി വരുന്ന അവിശ്വാസ പ്രമേയങ്ങൾക്കു പിന്തുണ നൽകാനോ അത്തരം പ്രമേയങ്ങൾ സ്വയം അവതരിപ്പിക്കാനോ അവർ തയ്യാറായിരിക്കുമെന്നാണല്ലോ. ഇതു പാസ്സാവുകയാണെങ്കിൽ ഒന്നുകിൽ ഒരു ബദൽ മന്ത്രിസഭ രൂപീകരിക്കുക, അല്ലെങ്കിൽ ഒരിടക്കാല തെരഞ്ഞെടുപ്പ് അനിവാര്യമാക്കിത്തീർക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നതിൽ സ്വയം പങ്കാളികളാവുക—ഇതിനും ഈ പാർട്ടികൾ തയ്യാറായിരിക്കുമെന്നു ഞാൻ കരുതുന്നു. അത്തരം സ്ഥിതിവിശേഷങ്ങളിലേതെങ്കിലും വരികയാണെങ്കിൽ ഒന്നുകിൽ ട്രഷറിബഞ്ചുകളിൽനിന്നു മാറി പ്രതിപക്ഷബഞ്ചുകളിലിരിക്കും, അല്ലെങ്കിൽ ഇടക്കാലതിരഞ്ഞെടുപ്പ് നേരിടുക—ഇതിലൊന്ന് എനിക്കു ചെയ്യേണ്ടിവരും. അതിനു തയ്യാറാണ് എങ്കിൽ, ഏതെങ്കിലും തരത്തിൽ അധികാരത്തിൽ തുടരുന്നതിനു മറ്റു പലേടത്തും അംഗീകരിക്കപ്പെട്ടതുപോലുള്ള കുസിത മാർഗ്ഗങ്ങൾ ഞാൻ എന്തായാലും അംഗീകരിക്കാൻ ഉദ്ദേശിക്കുന്നില്ല.

എനിക്കു സമർപ്പിക്കപ്പെട്ട പ്രമേയത്തിലെ രാഷ്ട്രീയ ആമുഖവും അതിലടങ്ങിയ ആവശ്യങ്ങളും വളരെ ഗാഢമായും ശ്രദ്ധാപൂർവ്വമായും ഞാൻ പരിശോധിച്ചുനോക്കി.

സുദീർഘ സമരങ്ങളിലൂടെ രൂപംപ്രാപിച്ച ഐക്യമുന്നണിയും ഈ ഗവണ്മെന്റും നിലനിൽക്കുന്നതു അത്യാവശ്യമാണെന്ന ഉറച്ച വിശ്വാസമുള്ള ഒരുവനാണ് ഞാൻ.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് മുന്നണിയെ രക്ഷിക്കുന്നതിനു അതിന്റെ ഘടകകക്ഷികളുമായി അങ്ങേയറ്റത്തെ വിട്ടുവീഴ്ച ചെയ്യാൻ ഞാൻ സദാ തയ്യാറായിരിക്കും.

ഈ നിലയ്ക്ക് പ്രമേയത്തിലടങ്ങിയ ഒൻപതു് ആവശ്യങ്ങളും ഞാൻ പരിശോധിച്ചു നോക്കി. അതിൽ പലതും അംഗീകരിക്കാൻ ഞാൻ തയ്യാറുമാണു്. എന്നാൽ, അതിലെ രാഷ്ട്രീയ ആമുഖം എന്റെ പാർട്ടിക്കും ഞാൻ വ്യക്തിപരമായി കൈകാര്യം ചെയ്യുന്ന വകുപ്പുകളുടെ പ്രവർത്തനത്തിനുമെതിരായ ഒരു ഹീനമായ ആക്രമണമാണു്. അതെല്ലാം ശരിയാണെന്നു ഈ നാലു് പാർട്ടികളും വിശ്വസിക്കുന്നുണ്ടെങ്കിൽ അവർ യാതൊരു വ്യവസ്ഥയും വെക്കാതെ എനിക്കു നൽകിയ പിന്തുണ നിരുപാധികം പിൻവലിക്കുകയും എനിക്കെതിരായി ഒരു അവിശ്വാസപ്രമേയം അവതരിപ്പിക്കുകയുമാണു് ചെയ്യേണ്ടതു്. ഞാൻ ഏതായാലും അതിലടങ്ങിയ ആരോപണങ്ങളെ നിഷേധിക്കുന്നു. അവയെ ആസ്പദമാക്കിക്കൊണ്ടുള്ള അവയുടെ പ്രമേയമാകെ തിരസ്കരിക്കുന്നു.

ഈ പ്രമേയം അംഗീകരിക്കാൻ ഈ നാലു് പാർട്ടികളും തീരുമാനിക്കുന്നതിനു മുമ്പു് നടന്ന രണ്ടു സംഭവങ്ങളെക്കുറിച്ചുകൂടി ഈ ഘട്ടത്തിൽ പറയാതിരിക്കാൻ നിവൃത്തിയില്ല. ആഗസ്റ്റു് 22-നും. ഒക്ടോബർ 3-നും ഈ സഭയിൽ നടന്ന സംഭവങ്ങളെയാണു് ഞാൻ സൂചിപ്പിക്കുന്നതു്. ആ സംഭവങ്ങളുമായി ബന്ധപ്പെട്ട നിയമപ്രശ്നങ്ങളിലേക്കും നടപടി പ്രശ്നങ്ങളിലേക്കും കടക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. പ്രധാനമായ സംഗതി ആ രണ്ടു സംഭവങ്ങളുടെ രാഷ്ട്രീയസ്വഭാവമാണു്. അതായതു്, ഐക്യമുന്നണിക്കകത്തുള്ള അഭിപ്രായവ്യത്യാസങ്ങൾ തീർക്കുന്നതിനുള്ള മാർഗ്ഗമായി ആദ്യം (ആഗസ്റ്റു് 22-നു്) പ്രതിപക്ഷത്തുനിന്നു അവതരിപ്പിക്കപ്പെട്ട ഒരു പ്രമേയത്തിനു് അവർ പിന്തുണ നൽകി. പിന്നെ (ഒക്ടോബർ 3-നു്) പ്രതിപക്ഷ പിന്തുണയില്ലാതെ പാസ്സാവുകയില്ലെന്നു വ്യക്തമായി അറിഞ്ഞിട്ടതന്നെ. അത്തരമൊരു പ്രമേയം സ്വയം അവർ അവതരിപ്പിച്ചു.

ഒരു കാര്യം ഇവിടെ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ നാലു് പാർട്ടികളിലും പെട്ട എം. എൽ. എ. മാരെക്കാൾ കൂടുതൽ എം. എൽ. എ. മാർ മറ്റു് നാലു് മുന്നണി ഘടകപാർട്ടികളിലും കൂടിയുണ്ടു്. അതായതു്, മുന്നണി എം. എൽ. എ. മാരിൽ, ന്യൂനപക്ഷം മാത്രം വരുന്ന നാലു് പാർട്ടികളും പ്രതിപക്ഷപ്പാർട്ടികളും ചേർന്നാണു് മുന്നണിയിലെ മറ്റൊരു വിഭാഗത്തിനെതിരായി നിയമസഭയിൽ പ്രവർത്തിച്ചതു്. ഇതിലടങ്ങിയ രാഷ്ട്രീയപ്രശ്നത്തിന്റെ മുൻപിൽ മുൻസൂചിപ്പിച്ച നിയമനടപടിപ്രശ്നങ്ങൾ നിസ്സാരങ്ങളാണെന്നു എനിക്കു തോന്നുന്നു.

ഈ രാഷ്ട്രീയവശത്തിന്റെ ഗൗരവം ഈ നാലു് പാർട്ടികളുടെ പ്രതിനിധികളുമായുള്ള സംഭാഷണത്തിനിടക്കുതന്നെ ഞാൻ ചൂണ്ടിക്കാട്ടുകയുണ്ടായി. ഇടതുപക്ഷ മുന്നണിയുടെ ഭാഗമായി മത്സരിച്ചുകിട്ടിയ സീറ്റുകളും ഉപയോഗിച്ചു് കോൺഗ്രസ് പിന്തുണയോടെ ഒരു മന്ത്രിസഭ (1954-ൽ തിരു-കൊച്ചിയിൽ) രൂപീകരിച്ച പി. എസ്. പി.; തൃകക്ഷി മുന്നണിയായി തിരഞ്ഞെടുപ്പിൽ മത്സരിച്ചു സീറ്റുകിട്ടിക്കഴിഞ്ഞതിൽപിന്നെ (1960-ൽ കേരളത്തിൽ) ലീഗിനെ വിട്ടു് ദ്വികക്ഷി മന്ത്രിസഭ രൂപീകരിച്ച കോൺഗ്രസ്സും, പി, എസ്സ്. പി.യും—ഇവരുടെ കാലടികളും പിന്തുടർന്നുകൊണ്ടാണു് കോൺഗ്രസ്സിതരമുന്നണിയായിനിന്നു മത്സരിച്ചു. മുന്നണി മന്ത്രിസഭ രൂപീകരിച്ചുകഴിഞ്ഞതിൽ പിന്നീടു് മുന്നണിക്കകത്തുള്ള തർക്കങ്ങൾ തീർക്കുന്നതിനു് കോൺഗ്രസ്സ്–കേരള കോൺഗ്രസ്സ് പ്രതിപക്ഷങ്ങളുടെ സഹായം തേടുന്നതെന്നു ഞാൻ അവരോടു പറഞ്ഞു. ഈ വൈകിയവേളയിലെങ്കിലും തങ്ങളംഗീകരിച്ച ഈ തെറ്റായ മാർഗ്ഗംവിട്ടു മുന്നണിയേയും മുന്നണി ഗവണ്മെൻറിനേയും നിലനിർത്താൻ സഹായിക്കുന്ന നിലപാടംഗീകരിക്കണമെന്നു അവരോടഭ്യർത്ഥിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു.

എന്നെ ഏല്പിച്ച പ്രമേയത്തിന്റെ മറ്റൊരു അനാശാസ്യതകൂടി ചൂണ്ടിക്കാണിക്കേണ്ടതാവശ്യമാണെന്നു ഞാൻ കരുതുന്നു. ഗവണ്മെൻറിൽ പങ്കാളിയായ ഒരു പാർട്ടി

LIBRARY ARCHIVES Kerala Legislative Assembly

അല്ലെങ്കിൽ ഏതാണും പാർട്ടികളും, അന്ത്യശാസനകളും ഭീഷണികളും മുഴക്കി മറ്റുള്ള വരിൽനിന്നു ചിലതെല്ലാം നേടിയെടുക്കാൻ ശ്രമിക്കുകയെന്ന മാർഗ്ഗത്തിന്റെ അനാശാസ്യതയാണു് ഞാൻ സൂചിപ്പിക്കുന്നതു്. ഈ മാർഗ്ഗം മുമ്പൊരിക്കൽ വലതുകമ്മ്യൂണിസ്റ്റ് പാർട്ടി ഒറാക്കു (90 ദിവസത്തെ അന്ത്യശാസനത്തിന്റെ രൂപത്തിൽ) അംഗീകരിച്ചതാണു്. അത്തരം ഭീഷണികൾക്കു് കീഴ്വഴങ്ങാൻ ആത്മാഭിമാനമുള്ള പാർട്ടികൾ തയ്യാറാവുകയില്ലെന്നും ഞാനതിനു് തയ്യാറില്ലെന്നും അന്നുതന്നെ ഞാൻ വ്യക്തമാക്കുകയുണ്ടായി. ഇപ്പോഴും സംയുക്തമായി അന്ത്യശാസനം പുറപ്പെടുവിച്ചിട്ടുള്ളവരോടും എനിക്കു് പറയുവാനുള്ളതു് അതുതന്നെയാണു്.

പ്രതിപക്ഷ പിന്തുണയോടെ പ്രമേയങ്ങൾ പാസ്സാക്കിച്ചും, മന്ത്രിസഭയ്ക്കു് പിന്തുണ പിൻവലിക്കുമെന്നു് ഭീഷണി മുഴക്കിയും മറ്റും പ്രവർത്തിക്കുന്ന ഇന്നത്തെ രീതി അവസാനിപ്പിക്കാൻ ഈ വൈകിയവേളയിലെങ്കിലും ഈ നാലു് പാർട്ടികളും തയ്യാറാവുമെന്നു് ഞാൻ ആശിക്കുന്നു. ഇതോടൊപ്പംതന്നെ അതിനുവർ തയ്യാറാവാത്ത പക്ഷം ഉണ്ടാവാനിടയുള്ള സ്ഥിതിഗതികൾ—എന്റെ മന്ത്രിസഭയ്ക്കുതിരായ അവിശ്വാസപ്രമേയം ഈ നാലു് പാർട്ടികളും പ്രതിപക്ഷപ്പാർട്ടികളും കൂടിച്ചേർന്നു് പാസ്സാക്കുക, തുടർന്നു് ആ പാർട്ടികൾ ചേർന്നൊരു ബദൽ മന്ത്രിസഭ രൂപീകരിക്കുക മുതലായവ—നേരിടാൻ ഞാൻ തയ്യാറായിരിക്കുമെന്ന വ്യക്തമാക്കുകകൂടി ചെയ്തുകൊള്ളട്ടെ.

ഇനി ഞാൻ അവരുടെ പ്രമേയത്തിലടങ്ങിയ ആവശ്യങ്ങളിൽ ചിലതിനെക്കുറിച്ചു എന്റെ നിലപാടു വ്യക്തമാക്കിക്കൊള്ളട്ടെ.

(1) ഒക്ടോബർ 18-നോ അതിനുമുമ്പോ ബഹുമാനപ്പെട്ട വെല്ലിംഗ്ടണെക്കുറിച്ചു കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ടു് അനുസരിച്ചു ഒരന്വേഷണം നടത്തണമെന്നാണവരുടെ ഒരാവശ്യം. ഇതു ഞാൻ അംഗീകരിക്കുന്നു. അന്വേഷണത്തിനുള്ള ഉത്തരവിന്റെ വ്യക്തമായ രൂപം തയ്യാറാക്കിക്കൊണ്ടിരിക്കുകയാണു്. ഉത്തരവു് ഇന്നോ, നാളെയോ പാസ്സാക്കുന്നതായിരിക്കും.

(2) മറ്റു ചില മന്ത്രിമാരുടെ പേരിൽ ആരോപണങ്ങളും ഉന്നയിച്ചുകൊണ്ടു് ആഭ്യന്തരമന്ത്രിക്കു സമർപ്പിക്കപ്പെട്ടിട്ടുള്ള മെമ്മോറാണ്ടങ്ങളും ഞാൻ പരിശോധിച്ചുനോക്കുകയുണ്ടായി. അവയിൽ മിക്കതും ഞാൻ പൂവ്വജന്മനിയിലേക്കു പോകുന്നതിനു മുമ്പുതന്നെ പത്രങ്ങളിൽ വന്നിട്ടുള്ളവയും, എന്റെ ശ്രദ്ധയിൽ പെട്ടിട്ടുള്ളതുമാണു്. അവയിൽ ചിലതു ഇപ്പോഴും ബഹുമാനപ്പെട്ട വെല്ലിംഗ്ടനെതിരായി മാത്രം അന്വേഷണമാവശ്യപ്പെടുന്ന നാലു പാർട്ടികളിൽ മിക്കതിന്റെയും ചില നേതാക്കന്മാർ എന്നോടു നേരിട്ടോ പത്രങ്ങളിലൂടെയോ പറഞ്ഞിട്ടുള്ളതുമാണു്. പ്രഥമദൃഷ്ട്യാ കേസ്സുണ്ടോ എന്ന കാര്യം പരിശോധിക്കുന്നതിനുള്ള രീതിയെ സംബന്ധിച്ചു് തർക്കമുണ്ടാവുകയും, ഏതായാലും, ആ ജോലി ഞാൻ ചെയ്യരുതെന്ന നിർബന്ധം വരികയും ചെയ്തതിനാൽ മാത്രമാണു് അവ പരിശോധനയ്ക്കു വിധേയമാകാതെ വന്നതു്. ആ സ്ഥിതിക്കു് ഈ നാലു് പാർട്ടികളിൽ ചിലവയുടെ നേതാക്കന്മാർതന്നെ ഉന്നയിക്കപ്പെട്ടതും മറ്റു മന്ത്രിമാരെ ബാധിക്കുന്നതുമായ ആരോപണങ്ങളും കണ്ടില്ലെന്നു നടിച്ചു ബഹുമാനപ്പെട്ട വെല്ലിംഗ്ടന്റെ പേരിലുള്ള അന്വേഷണംമാത്രം വേർതിരിച്ചെടുക്കുന്നതു നീതിപൂവ്വകമല്ലെന്നു എനിക്കു തോന്നി. അവയെല്ലാം ഞാൻ പരിശോധിച്ചുനോക്കി.

(3) ആരോപണങ്ങൾക്കടിസ്ഥാനമായ തെളിവുകളുടെ സ്വഭാവം മറ്റു മന്ത്രിമാരുടെയോ, ബഹുമാനപ്പെട്ട വെല്ലിംഗ്ടന്റെയോ കാര്യത്തിൽ ഒരാളും പരിശോധിച്ചിട്ടില്ല. അത്തരമൊരു പരിശോധന നടത്താൻ ഞാനും തയ്യാറായിട്ടില്ല. എന്നാൽ അത്തരമൊരു പ്രാഥമിക പരിശോധന നടത്താതെതന്നെ ബഹുമാനപ്പെട്ട വെല്ലിംഗ്ടന്റെ പേരിൽ അന്വേഷണം നടത്താൻ ഒക്ടോബർ 3-നുശേഷം ഞാൻ ബാദ്ധ്യസ്ഥനായിരിക്കുകയാണു്. ആ സ്ഥിതിക്കു് ബഹുമാനപ്പെട്ട വെല്ലിംഗ്ടന്റെ പേരിൽ വന്നതിനോടു തുല്യമായ ഗൗരവമുള്ളതെന്നു എനിക്കു തോന്നുന്ന ആരോപണങ്ങളെക്കുറിച്ചുകൂടി അന്വേഷണം നടത്താൻ ഉത്തരവിടുന്നതു് എന്റെ കടമയായി

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ കരുതുന്നു. അങ്ങിനെ തെളിവുകളുടെ സ്വഭാവമൊന്നും നോക്കാതെ ആരോപണങ്ങളുടെ ഗൗരവംമാത്രം നോക്കിയാൽ ബഹുമാനപ്പെട്ട പി. ആർ. കുറുപ്പ്, എം. എൻ. ഗോവിന്ദൻ നായർ, ടി. വി. തോമസ്സ് എന്നിവരുടെ പേരിൽക്കൂടി അന്വേഷണം നടത്തുന്നതാവശ്യമാണെന്നു എനിക്ക് തോന്നുന്നു. അതനുസരിച്ച് ഇവരുടെ പേരിൽ വന്ന ആരോപണങ്ങളെക്കുറിച്ചുകൂടി അന്വേഷണം നടത്താൻ ഞാൻ ഉത്തരവിടുന്നുണ്ട്.

(4) ഇതിനുമുമ്പു സൂചിപ്പിച്ചതുപോലെ, യാതൊരു ആളുടേയും പ്രാഥമിക പരിശോധനയ്ക്കു ശേഷമല്ല ഈ അന്വേഷണങ്ങളൊന്നും നടത്തുന്നതു്. ഇതാണു് ഈ അന്വേഷണങ്ങളും, ഇതിനു മുമ്പു ഞാൻ ഉത്തരവിട്ട ബഹുമാനപ്പെട്ട കുഞ്ഞിന്റെ പേരിലുള്ള അന്വേഷണവും തമ്മിലുള്ള വ്യത്യാസം. അതുകൊണ്ടു ബഹുമാനപ്പെട്ട കുഞ്ഞിന്റെ കാര്യത്തിൽ ഞാൻ ചെയ്തതുപോലെ ഇവരോടു മന്ത്രിസഭയിൽനിന്നു രാജിവെക്കാൻ ഞാൻ ആവശ്യപ്പെടുന്നില്ല. കുറെ ആരോപണങ്ങൾ വന്നാലുടൻ, ഉത്തരവാദപ്പെട്ട ഒരാളുടെ പ്രാഥമിക പരിശോധനയുടെ ഫലമായി പ്രഥമദൃഷ്ട്യാ കേസ്സുണ്ടെന്നു നിഗമനത്തിലെത്താതെതന്നെ, മന്ത്രിമാരോടു രാജിവക്കാൻ പറയുന്നതിന്റെ അർത്ഥം നിരുത്തരവാദപരവും ദുരുദ്ദേശപരവുമായ ആരോപണങ്ങൾ വന്നാൽ പോലും മന്ത്രിമാർ രാജിവെക്കേണ്ടിവരുമെന്നാണു്. അത്തരമൊരു സാഹചര്യത്തിൽ ഒരു മന്ത്രിസഭക്കും പ്രവർത്തിക്കാൻ കഴിയില്ല.

അഴിമതി അന്വേഷണക്കാര്യങ്ങളെക്കുറിച്ചാണു് ഇത്രയും പറഞ്ഞതു്. നാലു പാർട്ടികളും സമർപ്പിച്ച പ്രമേയത്തിലെ ഒൻപതു് ആവശ്യങ്ങളിൽ രണ്ടെണ്ണം ഇതിൽപെടും. മറ്റു് ഏഴെണ്ണത്തിൽ പലതും അംഗീകരിക്കാവുന്നവയാണെന്നു ഞാൻ ഇതിനുമുമ്പു സൂചിപ്പിക്കുകയുണ്ടായി. അവയിൽ രണ്ടെണ്ണത്തെക്കുറിച്ചു് ഇപ്പോഴും തന്നെ പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

സ്ത്രീകളുടെ പേരിൽ അവതരിപ്പിക്കപ്പെട്ട അവിശ്വാസപ്രമേയം പിൻവലിക്കണമെന്നാണു് ഒരാവശ്യം. അതിനു് നോട്ടീസു് കൊടുത്ത ബഹുമാനപ്പെട്ട മെമ്പറെ പ്രേരിപ്പിച്ച കാരണങ്ങളും സാഹചര്യങ്ങളും എന്തായാലും, അതെക്കുറിച്ചു ഒരു ചർച്ച നടത്തുന്നതു ഒരിക്കലും സഹായകരമായിരിക്കുകയില്ലെന്നു ആ ബഹുമാനപ്പെട്ട മെമ്പർ തന്നെ അംഗീകരിക്കുമെന്നും അദ്ദേഹമതു പിൻവലിക്കുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു.

ട്രാൻസ്പോർട്ടു് കോർപ്പറേഷൻ അടക്കമുള്ള എല്ലാ കോർപ്പറേഷനുകളിലേക്കുമുള്ള എല്ലാ നിയമനങ്ങളും പബ്ലിക്കു് സർവ്വീസു് കമ്മീഷനു വിട്ടുകൊടുക്കണമെന്നാണു് മറ്റൊരു ആവശ്യം. ഇതു അംഗീകരിച്ചു നടപ്പിലാക്കാമെന്നു ഇതിനുമുമ്പുതന്നെ സൂചിപ്പിച്ചിട്ടുണ്ടു്. അതു വ്യക്തമായി ഒരിക്കൽക്കൂടി പറയുന്നു. ഇതുസംബന്ധിച്ച ഭരണനടപടികളും ഉടൻ എടുക്കുന്നതാണെന്നു സഭയ്ക്കു് ഉറപ്പുനൽകുകയും ചെയ്യുന്നു.

മറ്റു പല ആവശ്യങ്ങളുടേയും കാര്യത്തിൽ പരക്കെ തൃപ്തികരമായ തീരുമാനങ്ങളുണ്ടാക്കാൻ കഴിയുമെന്നാണു് എന്റെ വിശ്വാസം. എന്നാൽ അതിനുള്ള സാഹചര്യങ്ങളുണ്ടാക്കാൻ ഭരണകക്ഷിയിലൊരുഭാഗം മറ്റൊരു ഭാഗത്തിനെതിരായി അന്യശാസനങ്ങളും ദീക്ഷണികളുമയയ്ക്കുക, അവരുമായുള്ള മത്സരത്തിൽ വിജയം നേടുന്നതിനു പ്രതിപക്ഷങ്ങളുടെ പിന്തുണ നേടുക എന്നെല്ലാമുള്ള മാർഗ്ഗമവസാനിപ്പിച്ചേ മതിയാകൂ, അതു ചെയ്യുന്നതിനു ഈ നാലു് പാർട്ടികളോടും ഒരിക്കൽക്കൂടി അഭ്യർത്ഥിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. ടി. എ. മജീദു്: മുഖ്യമന്ത്രിക്കു് മാർക്സിസ്റ്റു് മന്ത്രിമാരുടെ പേരിലുണ്ടായ ഗുരുതരമായ അഴിമതിയാരോപണങ്ങളെപ്പറ്റി അന്വേഷിക്കാൻ എന്താണു് വൈമനസ്യം കാണുന്നതു്?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടു്: ഞാൻ പറഞ്ഞു, പരിശോധിച്ചു നോക്കിയിട്ടു് എനിക്കു തോന്നിയ അഭിപ്രായമനുസരിച്ചാണു് തീരുമാനമെടുത്തതെന്നു്. നിങ്ങൾക്കു് വേണമെങ്കിൽ എന്റെ പേരിൽ അവിശ്വാസപ്രമേയം കൊണ്ടുവരാമല്ലോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. ശ്രീനിവാസൻ: മുഖ്യമന്ത്രിഅടക്കമുള്ളമന്ത്രിമാരുടെ പേരിലുണ്ടായ അഴിമതിയാരോപണങ്ങളെപ്പറ്റി അന്വേഷണം നടത്തിയോ?

ശ്രീ. കെ. കരുണാകരൻ: അഴിമതിക്കാരിൽ ആചാര്യനും അഴിമതിക്കാരിൽ മുഖ്യനുമായ മുഖ്യമന്ത്രി ഉൾപ്പെടെ മാർക്സിസ്റ്റ് മന്ത്രിമാരുടെ പേരിൽ ഞങ്ങൾ കൊണ്ടുവന്ന അഴിമതിയാരോപണങ്ങളെമാറ്റി നിറുത്തിക്കൊണ്ട് മറ്റുചില മന്ത്രിമാരുടെ പേരിൽ അന്വേഷണം നടത്തുന്നതിനു് തീരുമാനമെടുത്തതു് രാഷ്ട്രീയ വൈരാഗ്യത്തിന്റെ പേരിലാണെന്നും, അതുകൊണ്ട് എല്ലാ മന്ത്രിമാരുടെ പേരിലും അന്വേഷണം നടത്തണമെന്നും, മുഖ്യമന്ത്രി ഇങ്ങനെയൊരു തീരുമാനമെടുത്തതുവഴി തന്റെ കൈവശം കിട്ടിയ അധികാരം ദുരുപയോഗപ്പെടുത്തുകയാണുണ്ടായതെന്നും, അതിനാൽ മുഖ്യമന്ത്രി ഉൾപ്പെടെയുള്ള എല്ലാ മന്ത്രിമാരുടെ പേരിലും അന്വേഷണം നടത്തുകയാണെങ്കിൽ അതിനു് തെളിവു തരാൻ ഞങ്ങൾ തയ്യാറാണെന്നും പ്രഖ്യാപിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ അതിനു മുന്നോട്ടു വരണമെന്നു് അഭ്യർത്ഥിക്കുന്നു.

Deputy Speaker: I invite the attention of the Members to Rule 277 of the rules of Procedure. It says: A statement may be made by a Minister on a matter of public importance with the consent of the Speaker, but no question shall be asked at the time the statement is made.

ഒരേ സമയം എല്ലാവരുംകൂടെ എഴുന്നേറ്റുനിന്നു് ചോദ്യം ചോദിക്കാൻ തുടങ്ങിയാൽ വിഷമമാണു്. അന്വേഷണത്തിനു് വിധേയരായ മന്ത്രിമാർക്കും, അവരുടെ പാർട്ടി നേതാക്കന്മാർക്കും എക്സ്പ്ലനേഷൻ നൽകുന്നതിനു് ചൊവ്വാഴ്ച സമയം കൊടുക്കുന്നതാണു്. ഇപ്പോഴാകട്ടെ ഓരോ പാർട്ടിയിൽനിന്നും ഓരോരുത്തർക്കു് ഓരോ ചോദ്യം ചോദിക്കുന്നതിനു് അനുവാദം നൽകുന്നതാണു്. അതു് ഓരോ മെമ്പറന്മാരായി ചോദിക്കണം.

ശ്രീ. ടി. എ. മജീദ്: മുഖ്യമന്ത്രിയുടെ സ്യാലനായ ഡാക്ടർ ഭട്ടതിരിപ്പാടിനു് കോടതിവിധിക്കു് എതിരായും, എല്ലാ ചട്ടങ്ങൾക്കു് എതിരായും പ്രമോഷൻ കൊടുത്തതു് അഴിമതിയല്ലെന്നാണോ ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ അഭിപ്രായം?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഞാൻ അതു് ആകെ നിഷേധിക്കുന്നു.

ശ്രീ. കെ. എം. മാണി: ഞാൻ ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിനെതിരായി വ്യക്തമായ ചില അഴിമതിയാരോപണങ്ങൾ ഉന്നയിച്ചിട്ടുണ്ടു്. ഉദാഹരണമായി, അഴിമതിക്കാരനാണെന്നു കോടതി വിധിക്കപ്പെട്ട ശ്രീ. സി. സി. കുഞ്ഞനു് നിർബന്ധിത പെൻഷൻ നൽകി പിരിച്ചയക്കാതെ കടിശീക ശമ്പളം നൽകി തിരിയെ സർവ്വീസിൽ പ്രവേശിപ്പിച്ചതിൽ കാണിച്ച പക്ഷപാതവും, സ്വന്തം സ്യാലനായ ഭട്ടതിരിപ്പാടിനു് മുഖ്യമന്ത്രിയെന്ന സ്വാധീനം ഉപയോഗിച്ചുകൊണ്ടു് അനർഹമായി പ്രമോഷൻ നൽകിയതിൽ കാണിച്ച പക്ഷപാതവും, ഇൻഡോ പോളം കമ്പനിക്കു് ഒരു റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെപേരിൽ നാല്പ ലക്ഷത്തിൽപ്പരം രൂപ സകല നടപടി ചട്ടങ്ങൾക്കും വിരുദ്ധമായി അനുവദിച്ചുകൊടുത്ത കാര്യവും തുടങ്ങി മറ്റു പല സംഗതികളെ സംബന്ധിച്ചും വ്യക്തമായി നിയമസഭാ നടപടി ചട്ടത്തിലെ 262–ാം ക്ലാസനുസരിച്ചു് ഒരു അന്വേഷണം ആവശ്യപ്പെട്ടുകൊണ്ടു് ഞാൻ ബഹുമാനപ്പെട്ട സ്പീക്കർക്കു് എഴുതിക്കൊടുത്തിട്ടുള്ള കാര്യത്തെ സംബന്ധിച്ചിടത്തോളം മുഖ്യമന്ത്രി ഒരു അന്വേഷണത്തിനു് വിധേയനാകാൻ തയ്യാറാണോ? അതുപോലെതന്നെ ശ്രീ. എം. കെ. കൃഷ്ണന്റെ പേരിൽ വ്യക്തമായ അഴിമതി ആരോപണങ്ങൾ ഉന്നയിച്ചിട്ടുണ്ടു്. അതും അന്വേഷിക്കാൻ തയ്യാറാണോ? മുഖ്യമന്ത്രി ഇതിനു് ഒരു മാതൃക കാണിച്ചുകൊടുക്കാൻ തയ്യാറാകുമോ?

2/1631/G.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഇതിനു് ഞാൻ ഉത്തരം പറഞ്ഞു കഴിഞ്ഞു. ഇവിടെ കിട്ടിയിട്ടുള്ള എല്ലാ രേഖകളും വച്ചുനോക്കിയിട്ടു് ഞാൻ എന്റെ സബ്ജക്ടീവു് ജഡ്ജ്മെന്റു് അനുസരിച്ചുള്ള തീരുമാനം എടുത്തു. അതിനെ ബഹുമാനപ്പെട്ട മെമ്പർമാർക്കു് ചലഞ്ചു് ചെയ്യാം. അവിശ്വാസപ്രമേയം വരെയുള്ള കാര്യങ്ങളൊക്കെല്ലാം അവകാശമുണ്ടു്. എന്റെ ഈ സ്റ്റേറ്റുമെന്റിൽ പറയുന്ന കാര്യങ്ങളെസംബന്ധിച്ചു് കൂടുതൽ സമയം എടുത്തു വേണമെങ്കിൽ ചർച്ച ചെയ്യാം. ഞാൻ അതിനു് തയ്യാറാണു്. യാതൊരു ചർച്ചയിൽനിന്നും ഒഴിയണമെന്നില്ല. ഇവിടെ ഞാൻ പറഞ്ഞതുപോലെ പ്രധാനമായി ഈ മന്ത്രിസഭ ഉണ്ടോ എന്നുള്ള പ്രശ്നംവരെ എത്തിയിരിക്കുകയാണു്. ആ സമയത്തു് ഞാൻ ഇവിടെ ഇരിക്കണമോ ഇരിക്കാതിരിക്കണമോ എന്നുള്ള പ്രശ്നം കൂടി തീരുമാനിക്കുന്നതിനാവശ്യമായിട്ടുള്ള എല്ലാ ചർച്ചയും, ഒരു അവിശ്വാസപ്രമേയത്തിന്റെ ചർച്ചയടക്കം, ഇതെല്ലാം വരുന്നതാണു്. പക്ഷേ അവിശ്വാസപ്രമേയത്തിന്റെ കാര്യം വരുമ്പോഴേ എന്തോ ഒരു പതച്ചു് കാണുന്നുണ്ടു്. അതു് എന്താണെന്നു് അറിയുകയില്ല. അവിശ്വാസപ്രമേയം കൊണ്ടുവരുന്നതിനു് എന്താണു് വിരോധം? ഞാൻ ഇവിടെ പറഞ്ഞതുപോലെ അവിശ്വാസപ്രമേയം പാസാക്കിയാൽ ആ സാഹചര്യത്തിൽ ഉണ്ടാകുന്ന സ്ഥിതിവിശേഷം നേരിടുന്നതിനു് ബഹുമാനപ്പെട്ട കരുണാകരന്റെ പാർട്ടി മറ്റു പല സംസ്ഥാനങ്ങളിലും ഉപയോഗിച്ചിട്ടുള്ള മാർഗ്ഗം ഞങ്ങളും ഉപയോഗിക്കുകയില്ല. അതു് ഞാൻ ഇവിടെ വ്യക്തമാക്കിയിട്ടുണ്ടു്. ഞാൻ ഈ സഭയിൽ പ്രതിപക്ഷത്തിരുന്നിട്ടുണ്ടു്; ഇനി സഭയിൽ പ്രതിപക്ഷത്തിരിക്കേണ്ടി വരുകയില്ലെന്നുള്ള വിചാരവുമില്ല. മാനമായിട്ടു് ഇവിടെയും ഇരിക്കാൻ തയ്യാറാണു്, അവിടെയും ഇരിക്കാൻ തയ്യാറാണു്. ഇവിടെയല്ലാതെ പുറത്തു നിൽക്കുകയാണെന്നു വച്ചാൽ അതിനും തയ്യാറാണു്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: ഒരു ചോദ്യം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തെളിവൊന്നും നോക്കാതെതന്നെ ചാർജിന്റെ ഗുരുതരമനുസരിച്ചാണു് ആരോപണങ്ങളെ സംബന്ധിച്ച ഉത്തരവു് ഇട്ടതെന്നു പറഞ്ഞു. മറ്റുള്ള മന്ത്രിമാരുടെ പേരിൽ വന്നിരിക്കുന്ന, ചില മെമ്പറന്മാർ സൂചിപ്പിച്ചതുപോലുള്ള അഴിമതി ആരോപണങ്ങൾ ഗുരുതരമല്ലെന്നാണോ പറയുന്നതു്? അതു പരിശോധിക്കാതെയാണോ ഗുരുലഘുത്വം അസെസ്സു് ചെയ്തതു്?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: തെളിവുകൾ പരിശോധിച്ചിട്ടില്ല, ആരോപണങ്ങളാണു് പരിശോധിച്ചതെന്നു് സ്റ്റേറ്റുമെന്റിൽ വ്യക്തമായി പറഞ്ഞിട്ടുണ്ടു്. ഞാൻ പറയുന്നതു് പല മെമ്പറന്മാർക്കും ഇതേക്കുറിച്ചു് ധാരാളം അഭിപ്രായം പറയാനുള്ളതുകൊണ്ടു് ധാരാളം സമയം എടുത്തുകൊണ്ടു് ഇതു് ചർച്ചയ്ക്കു് വയ്ക്കാമല്ലോ എന്നാണു്. ഞാൻ അതിനു് എതിരല്ല. പൊവ്വാഴ്ച എന്നുള്ളതു് എന്നു വേണമെങ്കിലും ആലോചിക്കാം. ചർച്ചക്കൊന്നും ഞാൻ തടസ്സം നില്ക്കുന്നില്ല. ചർച്ച വേണമെന്നാണു് എന്റെ അഭിപ്രായം. ചർച്ച വരുമ്പോഴേ ഞാൻ ഇന്നുന്നയിച്ചതിൽനിന്നും പ്രശ്നങ്ങൾ കൂടി വരും. എന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയ്ക്കു് ആദ്യം പിൻതുണ നൽകിയിട്ടുള്ള പാർട്ടികൾ പിന്നീടു് പിൻതുണ പിൻവലിക്കുന്നതാണു് ഇന്നത്തെ പ്രശ്നം. അതിന്റെ ഭാഗമായിട്ടാണു് ഇതെല്ലാം വന്നിട്ടുള്ളതു്. ആ കാര്യങ്ങളെല്ലാം ചർച്ച ചെയ്യാം. ആ കാര്യങ്ങളെല്ലാം ചർച്ച ചെയ്യുമ്പോഴേ, എന്റെ പേരിൽ ഇതുയേറെ ആക്ഷേപമുണ്ടെങ്കിൽ എന്തുകൊണ്ടാണു് ആ ആക്ഷേപം വച്ചു് എനിക്കെതിരെ അവിശ്വാസപ്രമേയം കൊണ്ടുവരുന്നില്ല? അവിടെ എന്തിനാണു് ഒളിച്ചുകളി? ഏതു രൂപത്തിലുള്ള ചർച്ചയ്ക്കും ഞാൻ തയ്യാറാണു്.

ശ്രീ. കെ. എം. ജോർജ്ജ്: ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കു് അശേഷം ഒളിച്ചുകളിയില്ലാത്തതുകൊണ്ടും സത്യമെന്നു തോന്നുന്ന കാര്യങ്ങളിൽ നടപടി നടത്തുമെന്നും ബോദ്ധ്യമായിരിക്കുന്ന സ്ഥിതിക്കു് അങ്ങയുടെ പാർട്ടിയിലെ മന്ത്രിമാരുടെ പേരിൽ വന്നിട്ടുള്ള അഴിമതി ആരോപണങ്ങളെപ്പറ്റി പ്രഥമദൃഷ്ട്യാ കേസുണ്ടോ എന്നു നോക്കാതെ ഇതുപോലുള്ള ആർഡർ എന്തുകൊണ്ടാണു് പുറപ്പെടുവിക്കാത്തതു്? അതുപോലെതന്നെ കരുണാകരന്റെ പാർട്ടി ഇൻഡ്യയിലെ മറ്റു ചില സംസ്ഥാനങ്ങ

ളിൽ ചെയ്യുമ്പോലെ നമ്പൂതിരിപ്പാട് സൂത്രത്തിൽ ഒരു മന്ത്രിസഭ ഉണ്ടാക്കാൻ ശ്രമിക്കുകയില്ലെന്നു പറഞ്ഞതിന്റെ പിന്നിലുള്ള ചരിത്രം എന്താണെന്നുള്ളതു് ഞങ്ങൾക്കറിയാം. ഈ അടുത്ത ദിവസങ്ങളിൽ നടന്നുകൊണ്ടിരുന്നതു് എന്താണെന്നു് ഞങ്ങൾക്കറിയാം. അതിൽ പരിശ്രമിച്ചു് തോറ്റതിന്റെ അടിസ്ഥാനത്തിലാണു് ഇങ്ങനെയൊന്നും ചെയ്യുകയില്ലെന്നു പറയുന്നതു്.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: എന്റെ പേരിൽ ആരോപണം വന്നിട്ടുണ്ടെന്നുള്ളതു് ഞാൻ സമ്മതിക്കുകയില്ലെന്നു് ബഹുമാനപ്പെട്ട ജോജിനു് അറിയാമല്ലോ? ഞാൻ നിഷേധിക്കുകയാണു്. ഞാൻ പറയുന്നതു് കള്ളമാണെന്നു ബഹുമാനപ്പെട്ട മെമ്പർക്കു ബോദ്ധ്യമുണ്ടെങ്കിൽ അതിനു് വേറെ വഴി നോക്കാമല്ലോ. ഒളിച്ചുകളിയല്ല നേരിട്ടുള്ള കളിതന്നെയാണെന്നു വിചാരിച്ചാൽ മതി. എങ്കിലും ഇതുയേറെ എന്നെപ്പറ്റി ആക്ഷേപങ്ങളും ആരോപണങ്ങളുമുള്ള സ്ഥിതിക്കു്, ബഹുമാനപ്പെട്ട ജോർജ്ജു് മന്ത്രിയായിരിക്കുകയും ജോർജിനെതിരായി ആക്ഷേപങ്ങൾ ഉണ്ടാവുകയുമാണു് ചെയ്തിരുന്നതെങ്കിൽ ഞാൻ നേരത്തെ മാറ്റുമനസരിച്ചു് അവിശ്വാസപ്രമേയം കൊണ്ടുവരുമായിരുന്നു. ഇതാണു് ആദ്യത്തേതു്. രണ്ടാമത്തെ ഭാഗം പത്രങ്ങളിൽ പലതും വന്നിട്ടുണ്ടു്. അതെല്ലാം വേദവാക്യമാണെന്നുണ്ടെങ്കിൽ ഒരുപക്ഷേ ഞാനിപ്പോൾ മരിച്ചിരിക്കും. അത്തരം പത്രവാർത്തകളല്ല പ്രധാനം. ഞാൻ വ്യക്തിപരമായി എന്റെ നിലപാടും എന്റെ പാർട്ടിയുടെ നിലപാടുമാണു് പറയുന്നതു്. ഈ മന്ത്രിസഭയിൽ നാലും മൂന്നും ഏഴു പാർട്ടികൾ, ഇപ്പോൾ എട്ടു പാർട്ടികൾ—കൂടിച്ചേർന്നുണ്ടായിട്ടുള്ള ഒരു ഐക്യമുന്നണിയാണു്. ഈ ഐക്യം പൊളിച്ചതിനുശേഷം ഏതെങ്കിലും തരത്തിൽ മന്ത്രിസഭ ഉണ്ടാക്കുക അതിന്റെ ധാർമ്മികവശത്തേക്കാൾ അധികം പ്രായോഗികവശമല്ലേ ഉള്ളതു്. പ്രായോഗിക ബുദ്ധിയുള്ളവർതന്നെ error of Judgement എന്നാണു് പറയുന്നതു്. അതുപോലെ ഇതും പ്രായോഗികമായിട്ടു നടക്കുകയില്ലെന്നുവച്ചാൽ ആരെങ്കിലും ചെയ്യുമോ. ഏതായാലും ആ വൃത്തികേടിലേയ്ക്കു് ഞാൻ പോകുന്നില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: അങ്ങു് ബഹുമാനപ്പെട്ട കുഞ്ഞുസാഹിബ്ബിന്റെ പേരിൽ ഒരു അന്വേഷണത്തിനു് ഉത്തരവിട്ടു. അതേസമയത്തുതന്നെ അദ്ദേഹം ഈ മന്ത്രിസഭയിൽനിന്നുതന്നെ ഒഴിയണമെന്നു നിർബന്ധിക്കുകയും ചെയ്തു. എന്നാൽ ഇപ്പോൾ ഇവിടെ നാലു മന്ത്രിമാരുടെ പേരിൽ അന്വേഷണത്തിനു് ഉത്തരവിടാൻ പോകുന്നു എന്നു പറഞ്ഞു. അതേ ശ്വാസത്തിൽതന്നെ അവർ മന്ത്രിസഭയിൽനിന്നു് രാജിവയ്ക്കേണ്ടതില്ലെന്നു പറയുകയും ചെയ്തു. അതു് രാഷ്ട്രീയമായ ഒരു ചതുരംഗമല്ലേ; ഇതിനെ സംബന്ധിച്ചിടത്തോളം വ്യക്തമായ അഭിപ്രായമെന്താണു്?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഞാൻ എന്റെ സ്റ്റേറ്റുമെന്റിൽ പറഞ്ഞതു് ബഹുമാനപ്പെട്ട ഹാജി കേൾക്കാതെയാണോ അതോ കേട്ടിട്ടു് മനസ്സിലാകാഞ്ഞിട്ടാണോ, മനസ്സിലാക്കിയിട്ടും മനസ്സിലായില്ലെന്നു ഭാവിക്കുന്നതാണോ എന്നു് എനിക്കു മനസ്സിലായില്ല. ഞാൻ വളരെ വ്യക്തമായിട്ടു് ഇവിടെ പറഞ്ഞു, തെളിവുവച്ചു് പ്രാഥമിക പരിശോധന നടത്തി പ്രഥമദൃഷ്ട്യാ കേസുണ്ടോ എന്ന കാര്യം പരിശോധിച്ചു് അത്തരത്തിലുള്ള ഒരു നിഗമനത്തിൽ എത്തിയിട്ടുള്ള കേസാണു്. അതും ഇത്തരത്തിലുള്ള യാതൊരു പരിശോധനയും ആരും നടത്താതെ ആരോപണം വന്നാലുടനെ, ആരോപണം എന്തുവന്നാലും ഉടനെ അന്വേഷിക്കണം, രാജിവയ്ക്കണം എന്നു പറഞ്ഞാൽ ഒരു മന്ത്രിയെ കളയാൻ ഉദ്ദേശിച്ചിട്ടുള്ളവർക്കു് കളവായ ആരോപണം കൊണ്ടു വന്നാൽ മതി.

ശ്രീ. ടി. എ. മജീദ്: ഇപ്പോൾ അതല്ലേ ചെയ്തിരിക്കുന്നതു്.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ആരുടെയൊക്കെ പേരിൽ എന്തൊക്കെ കാര്യങ്ങൾ ഉന്നയിച്ചു എന്നുള്ള റിക്കാർഡുകളുടെ കെട്ടു് എടുക്കാം. ഒരു പാർട്ടിയുടെ എല്ലാ ആഫീസുകളും അഴിമതിയുടെ കൂത്തരങ്ങാണെന്നു പറഞ്ഞതു് എടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ആ ഭാഗത്തുനിന്നും അത്ര ക്ഷോഭം വരുമ്പോൾ എനിക്കും കുറച്ചു ക്ഷോഭം വന്നാൽ ക്ഷമിക്കണം.

ശ്രീ. ബി. മാധവൻനായർ: ഈ മന്ത്രിസഭയിലെ പ്രത്യേകിച്ചും ഐക്യമുന്നണിയിലെ ഭൂരിപക്ഷം എം. എൽ. എ. മാരെയും പ്രതിനിധാനം ചെയ്യുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ മന്ത്രിമാരെ സംബന്ധിച്ച് ഉണ്ടായിരിക്കുന്ന ആരോപണങ്ങളെ സംബന്ധിച്ച് ആ പാർട്ടിയുടെ തന്നെ നേതാവു കൂടിയായ, മുഖ്യ മന്ത്രി കൂടിയായ അങ്ങ് പരിശോധിക്കുകയും അതിലൊന്നും ഗൗരവമില്ലെന്നു് അങ്ങു തന്നെ ഏകപക്ഷീയമായി തീരുമാനിക്കുകയും ചെയ്തു. ആ തീരുമാനം വളരെ നിഷ്പക്ഷമാണെന്ന വിശ്വസിക്കാൻ ഈ രാജ്യത്തിലെ ജനങ്ങൾക്കു സാധിക്കുകയില്ലെന്നുള്ളതിനെ പരിഗണിച്ചുകൊണ്ട് പാർട്ടിയുടെ നേതാവെന്നുള്ള നിലയിൽ അങ്ങു് അങ്ങയുടെപാർട്ടിയിലെ മന്ത്രിമാരെക്കുറിച്ച് അന്വേഷിച്ച് അതിൽ കഴമ്പില്ലെന്ന പറയുന്നതിനെക്കാളും നിഷ്പക്ഷമായ മറെറാരന്വേഷണം മാർക്സിസ്റ്റ് മന്ത്രിമാരെക്കുറിച്ചുകൂടി നടത്താൻ ഉത്തരവിടാൻ തയ്യാറാകുമോ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഇതു ഞാൻ പരിശോധിച്ച് അതിനെക്കുറിച്ച് എത്തിയിട്ടുള്ള നിഗമനം ഞാൻ ഇവിടെ പറഞ്ഞുകഴിഞ്ഞു. ഇതിൽ തൃപ്തിയില്ലാത്ത പാർട്ടികൾക്കു് അവർ പറഞ്ഞതുപോലെതന്നെ പിൻതുണ പിൻവലിക്കുകയും അതിന്റെ ലോജിക്കലായിട്ടുള്ള കാര്യങ്ങൾ ചെയ്യുകയും ചെയ്യാമല്ലോ. അതിനു ഞാൻ തടസ്സം നിൽക്കുകയില്ല. അതാണു് ഞാൻ ഇവിടെ പറഞ്ഞതു്. ഇപ്പോൾ ഇവിടത്തെ പ്രശ്നം അതായിത്തീർന്നിരിക്കുന്നു. പിൻതുണ പിൻവലിക്കണം അത്ര മാത്രമാണു് പറയാനുള്ളതു്. ഭീഷണിയും കൊണ്ടുവന്നിട്ട് ഭീഷണി കാട്ടി എന്തെങ്കിലും ചെയ്യാമെന്നു മാത്രം ധരിച്ചുകളയരുതു്.

ശ്രീ. കെ. കരുണാകരൻ: എന്റെ പാർട്ടിയെക്കുറിച്ചും എന്റെ പാർട്ടിയുടെ പ്രവർത്തനങ്ങളെക്കുറിച്ചും മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. ഈ കഴിഞ്ഞ മൂന്നുനാലു ദിവസമായിട്ട് നടന്ന സംഭവങ്ങളും എന്റെ പാർട്ടിക്കു് ഒരിക്കലും ചെയ്യാൻ സാധിച്ചിട്ടില്ലെന്നു് ഞാൻ സമ്മതിക്കുന്നു. എന്റെ പാർട്ടിയിൽപ്പെട്ട ഗോപാലകൃഷ്ണൻനായർ ഉൾപ്പെടെയുള്ള ആളുകളെ ഏതു നിലയിൽ സമീപിച്ചു എന്നും, ആ സമീപിച്ചതിൽ നിന്നും എന്തനുഭവം ഉണ്ടായിയെന്നും വ്യക്തമായി മനസിലായിക്കഴിഞ്ഞു. ചാക്കിട്ടു പിടിത്തത്തിനു പലവിധത്തിലുള്ള പരിശ്രമങ്ങളും നടത്തിയിട്ട് പരാജയപ്പെട്ടതിൽ നിന്നും ഉടലെടുത്ത വൈരാഗ്യമാണു് പ്രസ്താവനമൂലം അദ്ദേഹം പ്രകടിപ്പിച്ചതു്. മുഖ്യമന്ത്രി ശങ്കരൻ നമ്പൂതിരിപ്പാടിന്റെ പേരിലും അദ്ദേഹത്തിന്റെ സഹമന്ത്രിമാരുടെപേരിലും മറു മന്ത്രിമാരുടെ പേരിലും ആരോപണങ്ങളുന്നയിച്ചിരിക്കുന്നു അദ്ദേഹം ഉൾപ്പെടെയുള്ള മന്ത്രിമാരെക്കുറിച്ചുള്ള ആരോപണങ്ങളെപ്പറ്റി അന്വേഷിക്കാൻ കൽപ്പന പുറപ്പെടുവിക്കുകയും ഇവിടെ പ്രസ്താവിച്ചതായ അന്തസിന്റെ കണികയെങ്കിലും അവശേഷിച്ചിട്ടുണ്ടെങ്കിൽ തന്റേടത്തോടുകൂടി ഈ രാജ്യത്തിലെ ജനങ്ങളെ നേരിടാൻ തയ്യാറാവുകയും ചെയ്യാൻ മുഖ്യമന്ത്രി തയ്യാറാണോ എന്നു ഞാൻ ചോദിക്കുകയാണു്.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഈ ചോദ്യത്തിനു് അത്രയൊന്നും ബുദ്ധിമുട്ടേണ്ട. നിങ്ങളെല്ലാംകൂടി പ്രമേയം പാസാക്കിയാൽ മതി. അതാണു് ഞാൻ പറഞ്ഞതു് പ്രമേയം പാസാക്കിയാൽ പിന്നെ ഞാൻ ഇവിടെ ഇരിക്കുകയില്ല. പ്രമേയം പാസാക്കാൻ എന്തോ ഒരു വിഷമം ഉള്ളതുപോലെ?

ശ്രീ. കെ. കരുണാകരൻ: അതിനു് ആരുടെയും തീട്ടൂരം വേണ്ട. മനസ്സിലെ തീട്ടൂരവും വേണ്ട.

ശ്രീ. പി. രവീന്ദ്രൻ: കേരള റോഡു് ട്രാൻസ്പോർട്ടു് കാർപ്പറേഷനിൽ നടക്കുന്ന നിയമനങ്ങളിൽ കടുത്ത അഴിമതിയുണ്ടെന്നും മാർക്സിസ്റ്റ് പാർട്ടിയുടെ തന്നെ ഉന്നതന്മാരായ നേതാക്കന്മാരുടെ അടുത്ത ബന്ധുക്കളെ അപേക്ഷകരുംപോലും ലഭിക്കാതെ

LIBRARY ARCHIVES Kerala Legislative Assembly

നിയമിക്കുന്നുഎന്നും, നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാതെയും അപേക്ഷ ക്ഷണിക്കാതെയും 243 ആളുകളെ കാർപ്പറേഷനിൽ നിയമിച്ചു എന്നു് മന്ത്രിതന്നെ പരസ്യമായി പ്രസ്താവിക്കുകയും ചെയ്ത കാര്യത്തിൽ അഴിമതിയില്ലെന്നാണോ മുഖ്യമന്ത്രിയുടെ അഭിപ്രായം. ഇതിനെ സംബന്ധിച്ചു് മുഖ്യമന്ത്രി എന്തെങ്കിലും പരിശോധിക്കുകയോ അന്വേഷിക്കുകയോ ചെയ്തിട്ടുണ്ടോ?

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടു് : ഞാൻ നേരത്തെ ഇവിടെ പറഞ്ഞതു പോലെ എനിക്കു കിട്ടിയിട്ടുള്ള മെമ്മോറാണ്ടങ്ങളിൽ വന്ന ആരോപണങ്ങളുടെ സ്വഭാവം ഞാൻ മൊത്തത്തിൽ ഒന്നു പരിശോധിച്ചു. ആ പരിശോധനയിൽ ഞാൻ ഒരു നിഗമനത്തിൽ എത്തി. ആ നിഗമനം തെറ്റായിരിക്കാം. ഒരുപക്ഷേ ഈ തെളിവുകളും മറ്റും പരിശോധിച്ചുകൊണ്ടുള്ള പ്രഥമദൃഷ്ട്യാ പരിശോധന ആണെന്നുണ്ടെങ്കിൽതന്നെ ഞാൻ ചിലപ്പോഴും മറ്റൊരു തീരുമാനത്തിൽ എത്തുമായിരിക്കാം. എന്നാൽ അതിനു സമ്മതിക്കാത്ത സാഹചര്യമാണു് വന്നിട്ടുള്ളതു്. അത്തരത്തിലുള്ള യാതൊരു പരിശോധനയും നടത്താൻ അവസരം തന്നിട്ടില്ലാത്ത സ്ഥിതിക്കു് ഇത്തരത്തിലുള്ള ഒരു നിഗമനത്തിൽ എത്തിച്ചേരുകയേ നിർവ്വാഹമുള്ളൂ. തെറ്റാണെന്നാണു് ബഹുമാനപ്പെട്ട മെമ്പറുടെ ഉദ്ദേശമെങ്കിൽ അതിനുള്ള നേരായ മാർഗ്ഗമാണു് ഞാൻ പറഞ്ഞതു്.

ശ്രീ. പി. എസ്. ശ്രീനിവാസൻ : ഏതാണു് മാർഗ്ഗമെന്നു് തിരഞ്ഞെടുക്കാനുള്ള അവകാശമെങ്കിലും ഭയവായി ഞങ്ങൾക്കു് വിട്ടുതരണം.

ശ്രീ. ടി. എ. മജീദു് : ആരുടെയും ഉപദേശം വേണ്ട.

ശ്രീ. കെ. എ. ശിവരാമഭാരതി : എല്ലാ മന്ത്രിമാരുടെ പേരിലും വന്നിട്ടുള്ള ആരോപണങ്ങളെക്കുറിച്ചു് അന്വേഷിച്ചു എന്നാണു് മുഖ്യമന്ത്രി പറഞ്ഞതു്. പക്ഷേ ആ വിധത്തിലുള്ള ഒരന്വേഷണത്തെസംബന്ധിച്ചിടത്തോളം അദ്ദേഹം തന്നെ സൂചിപ്പിച്ചതുമാതിരി ഐക്യമുന്നണി ഘടകകക്ഷികളുടെ ഇടയിൽ അഭിപ്രായവ്യത്യാസം ഉണ്ടായിരുന്നു. ആ നിലയിൽ ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ഒരു നിയമസഭാ കമ്മിറ്റി രൂപീകരിച്ചു് നിഷ്പക്ഷമായിട്ടുള്ള ഒരു അന്വേഷണം നടത്തുമെന്നുള്ള അടിസ്ഥാനത്തിൽ ഇന്നു് അഭിപ്രായവ്യത്യാസം ഉണ്ടെങ്കിൽതന്നെയും വളരെയധികം ചച്ചകും ഉണ്ടായി. ഇതിനെസംബന്ധിച്ചു് മുഖ്യമന്ത്രി ഒന്നും ശ്രദ്ധിക്കാതിരുന്നതു് എന്താണു്, ഇതിനെപ്പറ്റി മുഖ്യമന്ത്രിയുടെ അഭിപ്രായമെന്താണു്?

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടു് : ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഇത്തരം നടപടിക്രമങ്ങളെ സംബന്ധിച്ചും മറ്റുമുള്ള ചച്ചയുടെ പരിധി കടന്നു് ഈ മന്ത്രിസഭയും ഈ മുന്നണിയും നിലനില്ക്കുന്നുണ്ടോ എന്നെല്ലാമുള്ള പ്രശ്നം പൊന്തിവന്നിരിക്കുകയാണു്. അതുകൊണ്ടാണു് സ്റ്റേറ്റുമെൻറിന്റെ തുടക്കത്തിൽതന്നെ ഞാൻ പറഞ്ഞിട്ടുള്ളതു് ഈ നാലു പാർട്ടികളുടെ പ്രതിനിധികൾകൂടി എനിക്കു സമർപ്പിച്ച മെമ്മോറാണ്ടത്തിൽനിന്നുളവായ സ്ഥിതിവിശേഷം എന്തൊക്കെയാണെന്നു ചെറിയ ഈ സ്റ്റേറ്റുമെൻറിൽ വരുവുന്നിടത്തോളം വിശദമായി ഞാൻ പറഞ്ഞിട്ടുണ്ടു്. അതിൽതന്നെ ഈ സ്ഥിതിവിശേഷത്തിനു പ്രാഥമികമായിട്ടുള്ള പരിഹാരം കണ്ടുകളയാമെന്നുവരികിൽ ഈ പ്രശ്നങ്ങളെല്ലാം ചച്ചചെയ്യാനും തൃപ്തികരമായിട്ടുള്ള പരിഹാരം കാണാനും കഴിയുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്.

ശ്രീ. ആർ. എസ്. ഉണ്ണി : ഈ കാര്യത്തിൽ, അങ്ങേയ്ക്കു് സമർപ്പിച്ചിട്ടുള്ള മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിൽ അങ്ങു് ഈ കാര്യങ്ങളും തീരുമാനിച്ചതു് മുഖ്യമന്ത്രി എന്നുള്ള നിലയിലാണോ അതോ മാർക്സിസ്റ്റുപാർട്ടിയുടെ എന്തെങ്കിലും അഭിപ്രായം വച്ചുകൊണ്ടാണോ;ഇതിനെസംബന്ധിച്ചിടത്തോളം മെമ്മോറാണ്ടം തന്നകക്ഷികളുമായി മെമ്മോറാണ്ടത്തെസംബന്ധിച്ചു് തീരുമാനമെടുക്കുന്നതിനുമുമ്പു് അവരെ ഈ വിവരം അറിയിക്കുന്നതിനു് അങ്ങു് ശ്രമിച്ചിട്ടുണ്ടോ; അങ്ങനെ അറിയി

LIBRARY ARCHIVES Kerala Legislative Assembly

ക്കപ്പെടാതിരുന്നെങ്കിൽ സഭയിൽവന്നു് പൊളിറ്റിക്കൽ ഡിസിഷൻസു് ചർച്ച ചെയ്യണമെന്ന ന്യായീകരണത്തിന്റെ ആവശ്യമെന്താണു്?

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടു് : പൊളിറ്റിക്കലായിട്ടുള്ള പ്രമേയം കിട്ടിക്കഴിഞ്ഞു. ഞാൻ ഇപ്പോൾ നിൽക്കണമോ വേണ്ടയോ എന്നുള്ള പ്രശ്നംകൂടി ഉന്നയിച്ചുകൊണ്ടു് ഈ മന്ത്രിസഭ രൂപീകരിക്കുന്നതിനു് എനിക്കു പിൻതുണപ്രഖ്യാപിച്ചിട്ടുള്ള നാലു പാർട്ടികളും കൂടിയിട്ടു് അഞ്ചിമേറ്റം തന്നുകഴിഞ്ഞു. ഇതു് പൊളിറ്റിക്കൽ കപ്സ്യൂണാണു്.

ശ്രീ. ആർ. എസ്. ഉണ്ണി : പിൻതുണ പിൻവലിച്ചില്ലല്ലോ. പിൻതുണ പിൻവലിക്കാൻ നിർബന്ധിതരാവുമെന്നാണു് പറഞ്ഞതു്.

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടു് : ഇത്തരത്തിലുള്ള ഭീഷണി ഇന്നയിന്ന കാര്യം ചെയ്തില്ലെങ്കിൽ പിൻതുണപിൻവലിക്കുമെന്നും മറ്റുമുള്ള ഭീഷണിയുംകൊണ്ടു വന്നാൽ ആ ഭീഷണിയുടെ മുമ്പിൽ ഒരൊറ്റ പ്രശ്നവും ചർച്ച ചെയ്യാനേ തയ്യാറില്ല എന്നു് 13 പോയിന്റിന്റെ കാര്യത്തിൽ പറഞ്ഞതാണു്. അതുതന്നെയാണു് 9 പോയിന്റിന്റെ കാര്യത്തിലും പറയുന്നതു്.

ശ്രീ. ബേബിജോൺ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പരിശോധനയിൽ ഇതൊരു രാഷ്ട്രീയ പ്രശ്നമാണെന്നും ചില ഐക്യമുന്നണി ഘടകകക്ഷികളും പ്രതിപക്ഷകക്ഷികളുമായി യോജിച്ചു് ഒരു സ്ഥിതിവിശേഷം ഉണ്ടാക്കിയിരിക്കുന്നു എന്നും അതുകൊണ്ടാണു് ഇങ്ങനെഒരു പ്രസ്താവന നടത്തേണ്ടിവന്നതെന്നും പറയുകയുണ്ടായി. ഈ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ രാഷ്ട്രീയപ്രശ്നം ഇങ്ങനെ കൈകാര്യം ചെയ്തു് മുഖ്യമന്ത്രിയുടെ കക്ഷിക്കു് ആധികാരികമായി തീരുമാനമെടുക്കാനുള്ള സമിതിയോ സബ്കമ്മിറ്റിയോ, സെക്രട്ടേറിയറ്റോ കൂടി അദ്ദേഹത്തിന്റെ കക്ഷിയിലെ അംഗങ്ങളോടു് ഘടകകക്ഷിയിലെ മന്ത്രിമാരെക്കുറിച്ചു് ആരോപണങ്ങളും അന്വേഷിക്കാനും തെളിവുകളും ശേഖരിക്കാനും ഗ്രഹണദോഷിച്ചതു് ഐക്യമുന്നണിയുടെ നിലനില്പിനു് സഹായകരമായിരിക്കുമെന്നാണോ മുഖ്യമന്ത്രിയുടെ അഭിപ്രായം?

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടു് : ഈ സ്റ്റേറ്റുമെന്റിൽതന്നെ പറഞ്ഞതുപോലെ ശേഖരിച്ച തെളിവുകളും മിക്കതും മുമ്പുതന്നെ ഉള്ളതാണു്. ഞാൻ കിഴക്കൻ ജർമ്മനിയിൽ പോകുന്നതിനുമുമ്പുതന്നെ ഉള്ളതാണു്. ഈ നാലു പാർട്ടികളിൽ ചിലതിന്റെ ചില നേതാക്കന്മാർതന്നെ ചില മന്ത്രിമാർക്കെതിരായി എന്നോടു പറഞ്ഞിട്ടുണ്ടു്. ഇതെല്ലാം മുമ്പില്ലാത്തതാണെന്നും ഒരുദിവസം പുതുതായിട്ടു് പൊട്ടിവീണതാണെന്നുമൊന്നും പറയേണ്ട, ഈകാര്യം ചർച്ചചെയ്യണമെങ്കിൽ രണ്ടുദിവസമോ മൂന്നുദിവസമോ എത്രദിവസം വേണമെങ്കിലും ചർച്ചചെയ്യാൻ തയ്യാറാണു്. ഈ സഭയിൽവച്ചു വേണമെങ്കിൽ ഈ സഭയിൽവച്ചു്, അല്ല വെളിയിൽവച്ചു വേണമെങ്കിൽ വെളിയിൽവച്ചുകാം.

ശ്രീ. ബേബിജോൺ : അങ്ങു് ഈ സഭയിൽ ഈ പ്രശ്നം കൊണ്ടുവന്നതുകൊണ്ടു് ചോദിക്കുന്നതാണു്. അങ്ങയുടെ കക്ഷിയുടെ സബ്കമ്മിറ്റി കൂടിയിട്ടു് ഐക്യമുന്നണിയിലെ ഇതര ഘടകകക്ഷികളിലെ മന്ത്രിമാരുടെ പേരിൽ ആരോപണങ്ങളും ശേഖരിക്കാനും തെളിവു ശേഖരിക്കാനും പരസ്യമായി നിർദ്ദേശം നൽകിയിട്ടുള്ളതും അതനുസരിച്ചു പ്രവർത്തിച്ചിട്ടുള്ളതും ഐക്യമുന്നണിയുടെ നിലനില്പിനു് സഹായകരമാണെന്നാണോ അങ്ങയുടെ അഭിപ്രായം. ഇതു് ഐക്യമുന്നണി തകർക്കുന്നതിനു വേണ്ടി മാർക്സിസ്റ്റു് കമ്മ്യൂണിസ്റ്റുപാർട്ടി പ്രവർത്തിച്ചതാണോ എന്നാണു് അറിയേണ്ടതു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട് : ഞാൻ പറഞ്ഞതിന്റെ കാര്യം മനസ്സിലാക്കാതെ വീണ്ടും വീണ്ടും ചോദ്യം ചോദിച്ചിട്ട കാര്യമില്ല. തെളിവുണ്ടാക്കുകയല്ല, തെളിവുകൾ മുമ്പ വന്നതു് ശേഖരിക്കലാണു്. ഈ പറഞ്ഞതൊന്നുംതന്നെ പുതുതായിട്ടു് വന്നതല്ല. ഞാൻ പരിശോധിച്ച നോക്കിയ കൂട്ടത്തിൽ ഇതും പറഞ്ഞിട്ടുണ്ടു്. ചിലരെപ്പറ്റി ചിലർതന്നെ മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടുള്ള ചില സംഗതികൾ തന്നെ നാലു പാർട്ടികളിൽ ചിലതിലെ ചില നേതാക്കന്മാർ എന്നോട പറഞ്ഞിട്ടുള്ളതാണു്. അപ്പോൾ മാർക്സിസ്റ്റു് കമ്മറ്റി ഒരുദിവസം ഒരു സർക്കുലർ അയച്ചു് ശേഖരിച്ചതല്ല.

ശ്രീ. ബേബിജോൺ : പരസ്യമായ പ്രസ്താവനയാണു്. സർക്കുലറല്ല.

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട് : ആ കാലത്തു നടന്നിട്ടുള്ളതു് ഏതു ശരി ഏതു തെറ്റെന്നുള്ളതു് പരിശോധിക്കണമെങ്കിൽ ഞാൻ തയ്യാറാണു്. ആരെയെങ്കിലും പിടിക്കുകയാണെങ്കിൽ വേണ്ടതു് ഒരാളെയാണെന്നു പറഞ്ഞിട്ടുള്ള ചില പാർട്ടി നേതാക്കന്മാർ മെമ്മോറാണ്ടം തരുമ്പോൾ ആ മനുഷ്യനെവിട്ടു് വേറൊരാളെമാത്രമേ പാടുള്ള ആ മനുഷ്യനെ പെടുത്തിയാൽ ഞങ്ങൾ.....എന്നൊക്കെ ഭീഷണിയായിട്ട വന്നാൽ ഒന്നും സാധിക്കുകയില്ല. ബേബിജോൺ പറഞ്ഞതുപോലുള്ള ആക്ഷേപങ്ങൾ എന്റെ പാർട്ടിയിൽ ഉണ്ടെങ്കിൽ എനിക്കു് അദ്ദേഹത്തിന്റെ പാർട്ടിയുടെ പേരിലുമുണ്ടു് ചിലതു്. അദ്ദേഹത്തിനും എനിക്കും വേറെ ചില പാർട്ടികളുടെ പേരിലും ഉണ്ടായിരിക്കും. ഇതെല്ലാം നമുക്കു് ചർച്ചചെയ്യാം. ഈ സഭയിലാണെങ്കിൽ ഈ സഭയിൽ, വേറെ രംഗത്താണെങ്കിൽ വേറെ രംഗത്തും. രണ്ടിനും ഞാൻ തയ്യാറാണു്.

ഡെപ്യൂട്ടി സ്പീക്കർ : ഓർഡർ, ഓർഡർ, മണി പന്ത്രണ്ടരയായി.

Deputy Speaker : Order, Order. The House will now adjourn and meet again at 8 a.m. on Tuesday the 21st October 1969.

The Assembly adjourned at 12.30 p.m. to meet again at 8 a.m. on Tuesday the 21st October 1969.

———

LIBRARY ARCHIVES Kerala Legislative Assembly